## പതിനഞ്ചാം കേരള നിയമസഭ

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി (2023-26)

# ഏഴാമത് റിപ്പോർട്ട്

**(2025 ഒക്ടോബർ മാസം ....9......-ാം തീയതി സമർപ്പിച്ചത്)**

**(ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂളിനെ സംബന്ധിച്ചത്)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2025

## പതിനഞ്ചാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി (2023-26)

## ഏഴാമത് റിപ്പോർട്ട്

(2025 ഒക്ടോബർ മാസം ....9.....-ാം തീയതി സമർപ്പിച്ചത്)

<u>(ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂളിനെ സംബന്ധിച്ചത്)</u>

**ഉള്ളടക്കം**


| | പേജ് |
|---|---|
| സമിതിയുടെ ഘടന | v |
| ആമുഖം | vii |
| റിപ്പോർട്ട് | 1 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി (2023-26)

**ഘടന**

**അദ്ധ്യക്ഷ:**

* ശ്രീമതി ശാന്തകുമാരി കെ.

**അംഗങ്ങൾ:**

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ.പി. അനിൽകുമാർ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. എ. രാജ

ശ്രീ. വി. ശശി

ശ്രീ. പി. വി. ശ്രീനിജിൻ

ശ്രീ. പി. പി. സുമോദ്

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

**നിയമസഭാ സെക്രട്ടേറിയറ്റ്**

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ദീപ എൻ. ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത്കുമാർ വി. ഒ., അണ്ടർ സെക്രട്ടറി

* സമിതി അദ്ധ്യക്ഷനായിരുന്ന ശ്രീ. ഒ. ആർ. കേളു സംസ്ഥാന മന്ത്രിസഭയിൽ അംഗമായതിനെത്തുടർന്ന് സംജാതമായ ഒഴിവിൽ

**ആമുഖം**

സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും കായിക രംഗങ്ങളിൽ അഭിരുചിയുള്ളവരുമായ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് പരിശീലനം നൽകി അവരുടെ കഴിവുകൾ വികസിപ്പിച്ച് ദേശീയ/ അന്തർദേശീയ തലങ്ങളിലെ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച ഒരു സ്ഥാപനമാണ് തിരുവനന്തപുരം ജില്ലയിൽ വെള്ളായണി കാർഷിക സർവ്വകലാശാല ക്യാമ്പസിൽ പ്രവർത്തിക്കുന്ന ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂൾ. കേരള നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി 2024 സെപ്റ്റംബർ 29-ാം തീയതി പ്രസ്തുത സ്കൂൾ സന്ദർശിക്കുകയും സ്ഥാപനത്തിന്റെ നിലവിലുള്ള സ്ഥിതി, സ്കൂളിലെ അക്കാദമിക് പ്രവർത്തനങ്ങൾ, കായിക മേഖലയിലെ വളർച്ച, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, ഹോസ്റ്റൽ സൗകര്യങ്ങൾ, കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, മത്സര ഇനങ്ങളിൽ കുട്ടികളുടെ പെർഫോമൻസ്, ടീച്ചിംഗ്/ നോൺ ടീച്ചിംഗ് സ്റ്റാഫുകളുടെയും സ്പോർട്സ് പരിശീലകരുടെയും നിയമനം തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും ചെയ്തു. ആയതിന്റെയും സന്ദർശനത്തിനിടെ സമിതിക്ക് ബോധ്യപ്പെട്ട വസ്തുതകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട ഏതാനും ശിപാർശകളും നിർദ്ദേശങ്ങളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്

2025 ഒക്ടോബർ മാസം 6-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ശാന്തകുമാരി കെ.,**

*അദ്ധ്യക്ഷ,*

*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം

06.10.2025

# റിപ്പോർട്ട്

കായിക മത്സരങ്ങളിൽ മികവ് പുലർത്തുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ കഴിവുകൾ പരിപോഷിപ്പിച്ച് മികച്ച കായിക താരങ്ങളായി വളർത്തിയെടുക്കുക എന്ന ഉദ്ദേശത്തോടെ 2002-03 കാലഘട്ടത്തിൽ സംസ്ഥാന സർക്കാർ ആരംഭിച്ചതാണ് ശ്രീ.അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂൾ. പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന സ്പോർട്സ് ഹോസ്റ്റലുകളെ പരിവർത്തനം ചെയ്തുകൊണ്ട് കാർഷിക സർവകലാശാലയുമായി ഒപ്പുവച്ച ധാരണാപത്രം പ്രകാരം തിരുവനന്തപുരത്ത് വെള്ളായണിയിലുള്ള കേരള കാർഷിക സർവ്വകലാശാല ക്യാമ്പസിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. 5 മുതൽ 10 വരെയുള്ള ക്ലാസുകളോടെയാണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. 2008-09 വർഷത്തിൽ ഈ സ്ഥാപനത്തെ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തി.

2. ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂളിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ കാര്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനും സ്കൂളിന്റെ നിലവിലുള്ള അവസ്ഥ നേരിട്ട് മനസ്സിലാക്കുന്നതിനുമായി കേരള നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി 2014 ലും 2018 ലും സ്കൂൾ സന്ദർശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സമിതി (2011-14)യുടെ 8-ാമത് റിപ്പോർട്ട്, സമിതി (2016-19)യുടെ 4-ാമത് റിപ്പോർട്ട് എന്നിവയും പ്രസ്തുത റിപ്പോർട്ടുകളുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും സഭയിൽ സമർപ്പിക്കുകയുണ്ടായി.

3. പ്രസ്തുത സ്ഥാപനത്തിന്റെ നിലവിലുള്ള സ്ഥിതി, സ്കൂളിലെ അക്കാദമിക് പ്രവർത്തനങ്ങൾ, കായിക മേഖലയിലെ വളർച്ച, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ കാര്യങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുന്നതിനായി സമിതി 2024 സെപ്റ്റംബർ 29-ാം തീയതി സ്കൂൾ സന്ദർശിക്കുകയുണ്ടായി. ഹോസ്റ്റൽ

സൗകര്യങ്ങൾ, കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, കായിക മത്സര ഇനങ്ങളിൽ കുട്ടികളുടെ പെർഫോമൻസ്, ടീച്ചിംഗ്/ നോൺ ടീച്ചിംഗ് സ്റ്റാഫുകളുടെയും സ്പോർട്സ് പരിശീലകരുടെയും നിയമനം തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് സന്ദർശനത്തിനിടെ സമിതിക്ക് ബോധ്യപ്പെട്ട വസ്തുതകളുടെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട ഏതാനും ശിപാർശകളും നിർദ്ദേശങ്ങളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

4. അഞ്ചാം ക്ലാസിലേക്കും പ്ലസ് വൺ ക്ലാസിലേക്കുമുള്ള വിദ്യാർഥികളെ തെരഞ്ഞെടുക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ജില്ലാതലത്തിൽ നടത്തിവരുന്ന പ്രവേശന പ്രക്രിയ കാര്യക്ഷമമായി നടത്താത്തതിനാലും ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന വിദ്യാർത്ഥികൾക്കും സ്പോർട്സ് സ്കൂളിൽ പ്രവേശനം നൽകുന്നതിനാലും കായിക മികവുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിൽ പരാജയപ്പെടുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ പ്രവേശന പ്രക്രിയയിലെ അപാകത പരിഹരിക്കുന്നതിനായി ഈ സ്കൂളിലേക്കുള്ള പ്ലസ് വൺ വിദ്യാർത്ഥികളെ സംസ്ഥാനത്ത് സ്കൂൾ തലത്തിൽ സംഘടിപ്പിച്ചുവരുന്ന സബ്ജില്ല-ജില്ല-സംസ്ഥാനതല സ്പോർട്സ് മത്സരങ്ങളിൽ സമ്മാനാർഹരാകുന്ന പട്ടികജാതി വിദ്യാർത്ഥികളിൽ നിന്നും മെഡിക്കൽ ഫിറ്റ്നസ് ഉറപ്പാക്കി തെരഞ്ഞെടുക്കുന്ന രീതിയും അഞ്ചാം ക്ലാസിലേക്കുള്ള വിദ്യാർഥികളെ സ്കൂൾതല മത്സര വിജയികളിൽ നിന്നും തെരഞ്ഞെടുക്കുന്ന രീതിയും പരിഗണിക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

5. സ്പോർട്സ് സ്കൂളിലേക്ക് നടത്തുന്ന പ്രവേശന പ്രക്രിയയിൽ കുട്ടികളെ തെരഞ്ഞെടുക്കുന്നത് കായിക മികവിന് പ്രാധാന്യം നൽകി ആയിരിക്കണമെന്നും അപ്രകാരം തെരഞ്ഞെടുത്തു കഴിഞ്ഞാൽ അക്കാദമിക കാര്യങ്ങൾക്ക് കൂടി പ്രാധാന്യം നൽകുന്നത് സ്കൂളിന്റെ പഠന നിലവാരം മെച്ചപ്പെടുത്താൻ സഹായിക്കുമെന്നും സമിതി വിലയിരുത്തുന്നു. അഞ്ചാം

ക്ലാസിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് തുടർച്ചയായ പരിശീലനത്തിന് ശേഷവും കായിക മികവ് കണ്ടെത്താനായില്ലെങ്കിൽ അത്തരം വിദ്യാർത്ഥികളെ പൊതുവിദ്യാലയങ്ങളിലേക്ക് മടക്കി അയച്ച് പകരം കായിക മികവുള്ളവരെ കണ്ടെത്തുന്നതിന് സംവിധാനം ഉണ്ടാക്കുന്നത് സ്പോർട്സ് സ്കൂളിന്റെ കായിക നിലവാരം ഉറപ്പാക്കുന്നതിന് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

6. പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്കൂളിന്റെ അക്കാദമിക പ്രവർത്തനങ്ങൾ പൂർണ്ണമായും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാണ് നടക്കുന്നതെന്നും 5 മുതൽ 12 വരെയുള്ള ക്ലാസുകളിൽ ഓരോ ഡിവിഷൻ വീതമുള്ള സ്കൂളിന് കഴിഞ്ഞ അധ്യയന വർഷങ്ങളിൽ എസ്.എസ്.എൽ.സി.ക്കും പ്ലസ്ടുവിനും 100% വിജയം നേടി സംസ്ഥാന ശരാശരിയേക്കാൾ മുന്നിലെത്താൻ സാധിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

7. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ സിലബസും പരീക്ഷാ രീതിയുമാണ് സ്പോർട്സ് സ്കൂളിലും നടപ്പിലാക്കി വരുന്നത്. സ്കൂളിൽ 5 മുതൽ 12 വരെ ക്ലാസുകളിലായി നിലവിൽ 140 കുട്ടികൾ പഠിക്കുന്നുണ്ടെന്നും ഇതിൽ 95 പേർ പെൺകുട്ടികളാണെന്നും കുട്ടികളുടെ കായിക പരിശീലന സമയം രാവിലെ 6.30-8.30; വൈകുന്നേരം 4.30-6.30, അക്കാദമിക പ്രവർത്തന സമയം ഹൈസ്കൂൾ-രാവിലെ 9.30-വൈകിട്ട് 3.30; ഹയർ സെക്കന്ററി രാവിലെ 9.30-വൈകിട്ട് 4.00 എന്നിങ്ങനെ ആണെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സമയ ക്രമീകരണം മൂലം തുടർച്ചയായി കായിക അക്കാദമിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനാൽ കുട്ടികൾക്ക് മതിയായ വിശ്രമം ലഭിക്കുന്നില്ലായെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കുട്ടികളുടെ അക്കാദമിക പ്രവർത്തനങ്ങളിലെ മികവ് ഉറപ്പാക്കുന്നതിന് സ്പോർട്സ് സ്കൂളിനുവേണ്ടി പ്രത്യേക അക്കാദമിക സിലബസ് തയ്യാറാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

8. ഫുട്ബോൾ (ഗേൾസ് ആൻഡ് ബോയ്സ്), അത്‌ലറ്റിക്സ് (ഗേൾസ് ആന്റ് ബോയ്സ്), ജൂഡോ, റസലിംഗ് എന്നീ ഇനങ്ങളിൽ മത്സരത്തിന് കുട്ടികളെ തയ്യാറാക്കുന്നുണ്ടെന്നും അഞ്ച്, ആറ് ക്ലാസ്സുകളിലെ കുട്ടികൾക്ക് ജിംനാസ്റ്റിക്സിൽ ബേസിക് ട്രെയിനിംഗ് നൽകുന്നുണ്ടെന്നും നല്ല പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികളെ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നുണ്ടെന്നും 2023-ൽ 24 കുട്ടികൾ നാഷണൽ ലെവലിലും 115 കുട്ടികൾ ജില്ലാതലത്തിലുമുള്ള മത്സരങ്ങളിൽ പങ്കെടുത്തിരുന്നതായും സ്കൂൾ അധികൃതർ സമിതിയെ ബോധ്യപ്പെടുത്തി. കുട്ടികളുടെ അക്കാദമികവും കായികവുമായുള്ള വിലപ്പെട്ട സമയം നഷ്ടപ്പെടാത്ത രീതിയിൽ മുൻകൂട്ടിയുള്ള തയ്യാറെടുപ്പുകൾ നടത്തുന്നതിനായി സ്പോർട്സ് മത്സരങ്ങൾക്ക് വ്യക്തമായ ഒരു വാർഷിക പദ്ധതി തയ്യാറാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

9. പ്രസ്തുത സ്കൂളിൽ സ്പോർട്സിന്റെ മുഴുവൻ ചുമതലയും മേൽനോട്ടവും വഹിക്കുന്ന സ്പോർട്സ് ഓഫീസർ തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഗവൺമെന്റ് സ്കൂളിലെ പി.ടി. അധ്യാപകനെയാണ് നിയമിച്ചുവരുന്നതെന്നും അസിസ്റ്റന്റ് കോച്ചുമാരുടെ നിയമനം പട്ടികജാതി വികസന വകുപ്പ് കോൺട്രാക്ട് വ്യവസ്ഥയിൽ നടത്തുകയാണെന്നും സമിതിക്ക് ബോധ്യപ്പെട്ടു. സ്കൂളിൽ കായിക പരിശീലകരെ തെരഞ്ഞെടുക്കുന്നതിൽ കാര്യക്ഷമത പരിഗണിക്കുന്നില്ലെന്ന് വിലയിരുത്തിയ സമിതി സ്പോർട്സ് ഓഫീസർ, അസിസ്റ്റന്റ് കോച്ച് തസ്തികകളിലെ നിയമനത്തിൽ ട്രാക്ക് റെക്കോഡിനും കാര്യക്ഷമതയ്ക്കും സാമൂഹിക പ്രതിബദ്ധതയ്ക്കും പ്രാധാന്യം നൽകണമെന്ന് ശിപാർശ ചെയ്യുന്നു.

10. എല്ലാ വർഷവും അധ്യയന വർഷം അവസാനിക്കുമ്പോഴാണ് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ഈ നടപടി വിദ്യാർത്ഥികളുടെ കായിക പരിശീലനത്തെ കാര്യമായി ബാധിക്കുമെന്നതിനാൽ അധ്യയന വർഷം ആരംഭിക്കുമ്പോൾതന്നെ നിർബന്ധമായും കുട്ടികൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ഹൈസ്കൂൾ വിഭാഗത്തിലേക്ക് 10 അധ്യാപകരെയും ഹയർ സെക്കന്ററി വിഭാഗത്തിലേക്ക് 6 അധ്യാപകരെയും അനുവദിച്ചിട്ടുണ്ടെങ്കിലും സ്കൂളിൽ നിന്നും സ്ഥലംമാറ്റം ചെയ്യപ്പെട്ട അധ്യാപകർക്ക് പകരം നിയമനം നടന്നിട്ടില്ലെന്നും നിലവിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തിയാണ് അധ്യയനം നടത്തിവരുന്നതെന്നും പരിശീലനം ലഭിച്ച അധ്യാപകരെ ലഭിക്കാത്തതിനാൽ പത്താം ക്ലാസിൽ ഐ.ടി. വിഷയത്തിൽ പഠനം ആരംഭിച്ചിട്ടില്ലെന്നും കൂടാതെ ഇംഗ്ലീഷ്, മ്യൂസിക്, ഫിസിക്കൽ സയൻസ് എന്നീ വിഷയങ്ങൾ താല്കാലിക അധ്യാപകരാണ് കൈകാര്യം ചെയ്യുന്നതെന്നും സമിതി മനസ്സിലാക്കുന്നു. സ്ഥലംമാറ്റം ചെയ്യപ്പെട്ട അധ്യാപകർക്ക് പകരം നിയമനം നടന്നിട്ടില്ലാത്തത് ന്യൂനതയായി വിലയിരുത്തിയ സമിതി ഒരു അധ്യാപകന് സ്ഥലംമാറ്റം വരുന്ന സാഹചര്യമുണ്ടായാൽ അധ്യാപകനെ വിടുതൽ ചെയ്യുന്നതിന് മുൻപ് തന്നെ പ്രസ്തുത ഒഴിവിലേക്ക് ഒരു സ്ഥിരം അധ്യാപകന്റെ നിയമനം ഉറപ്പുവരുത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

12. ശ്രീ. അയ്യൻകാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂൾ തുടർച്ചയായുള്ള വർഷങ്ങളിൽ എസ്.എസ്.എൽ.സിക്ക് നൂറ് ശതമാനം വിജയം കൈവരിക്കുന്നുണ്ടെങ്കിലും കഴിഞ്ഞ വർഷം ഒരു വിദ്യാർത്ഥിക്ക് മാത്രമാണ് ഫുൾ 'എ' പ്ലസ് ലഭിച്ചതെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്രയും സൗകര്യങ്ങളുള്ള സ്കൂളിന്റെ പ്രവർത്തനം കുറച്ചുകൂടി മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും സമൂഹത്തിൽ വളരെ പിന്നാക്കം നിൽക്കുന്ന വിഭാഗത്തിലുള്ള കുട്ടികളെ പൊതുധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരണമെന്ന ചുമതലാബോധത്തോടെ അധ്യാപകർ പ്രവർത്തിക്കുകയും കുട്ടികൾക്ക് മാതാപിതാക്കളിൽ നിന്നും ലഭിക്കേണ്ട ലാളനയും പരിപാലനവും നൽകി സംരക്ഷിക്കണമെന്നും പല സാഹചര്യങ്ങളിൽ

നിന്നും വരുന്ന കുട്ടികളായതിനാൽ അവരുടെ കഴിവുകളും അക്കാദമിക് നിലവാരവും വ്യത്യസ്തമായിരിക്കുമെന്നും ആയതിനാൽ അധ്യാപകരുടെ ഭാഗത്തുനിന്നും അക്കാദമിക കാര്യങ്ങളിൽ കുറച്ചുകൂടി ഇടപെടലുകൾ ഉണ്ടാകണമെന്നും ഇതൊരു റസിഡൻഷ്യൽ സ്കൂളായതിനാൽ സ്കൂളിലെ അധ്യാപകർ നിർബന്ധമായും റസിഡൻഷ്യലായിരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

13. ഹയർ സെക്കന്ററിയിൽ ഹ്യൂമാനിറ്റീസ് വിഭാഗത്തിലാണ് ഒരു ബാച്ച് അനുവദിച്ചിട്ടുള്ളതെന്നും റിസൾട്ട് പരിശോധിക്കുമ്പോൾ സ്കൂളിന് ജില്ലയിൽ ഒന്നാം സ്ഥാനവും സംസ്ഥാനത്ത് രണ്ടാം സ്ഥാനവുമുണ്ടെന്നും 2023-ൽ ഹയർ സെക്കന്ററിയിൽ നൂറ് ശതമാനം വിജയം നേടിയ ഏക സ്പോർട്സ് സ്കൂളാണിതെന്നും സമിതി മനസ്സിലാക്കുന്നു.

14. കേരളത്തിലെ എല്ലാ പൊതുവിദ്യാലയങ്ങളിലും അനധ്യാപക തസ്തികകളിലെ നിയമനം പൊതു വിദ്യാഭ്യാസ വകുപ്പാണ് നടത്തുന്നത്. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള റസിഡൻഷ്യൽ സ്കൂളുകളിൽ അനധ്യാപക തസ്തികകളിലെ നിയമനം അതത് വകുപ്പുകളാണ് നടത്തുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിന് സർക്കാർ അനുവദിക്കുന്ന ഫണ്ട് അതത് വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി പരമാവധി ഉപയോഗപ്പെടുത്തണമെന്നും ആയതിന് സ്പോർട്സ് സ്കൂളിൽ അനധ്യാപക തസ്തികകളിലെ നിയമനം പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

15. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിദ്യാലയങ്ങളിൽ സമഗ്ര ശിക്ഷ അഭിയാൻ പദ്ധതി വഴിയുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളൊന്നുംതന്നെ പ്രസ്തുത സ്ഥാപനത്തിൽ ലഭിക്കുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിലെ കുട്ടികളുടെ അക്കാദമിക മികവിനും സമഗ്ര വികസനത്തിനും സ്കൂളിൽ സമഗ്ര ശിക്ഷ അഭിയാൻ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. പ്രസ്തുത സ്ഥാപനത്തിൽ കുട്ടികളുടെ കായിക നിലവാരം മെച്ചപ്പെടുത്തുന്നതിന് ആധുനിക സംവിധാനങ്ങളുള്ള ജിംനേഷ്യം ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. 2016-നുശേഷം സ്കൂൾ ജിംനേഷ്യത്തിലേക്ക് പുതിയ ഉപകരണങ്ങളൊന്നും വാങ്ങിയിട്ടില്ലെന്നും നിലവിൽ ഉപയോഗിച്ചുവരുന്നവ പലതും കാലപ്പഴക്കം മൂലം നശിച്ചു തുടങ്ങിയിട്ടുണ്ടെന്നും റസലിംഗ് മാറ്റ് വളരെ അത്യാവശ്യമാണെന്നും സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ സ്കൂൾ ജിംനേഷ്യത്തിലേക്ക് ആവശ്യമായ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. സ്കൂളിൽ വച്ച് കായിക പരിശീലനത്തിനിടെ പരിക്ക് ഏൽക്കുന്ന കുട്ടികൾക്ക് ആഴ്ചയിൽ രണ്ട് ദിവസം മാത്രമുള്ള ആയുർവേദ സ്പോർട്സ് ക്ലിനിക്കിന്റെ സേവനം അപര്യാപ്തമായതിനാൽ കുട്ടികൾ ചികിത്സയ്ക്കായി സ്വന്തം ചെലവിൽ അവരവരുടെ നാട്ടിൽ പോകേണ്ടിവരുന്നത് അവരുടെ പഠനത്തിനും കായിക പരിശീലനത്തിനുമുള്ള സമയ നഷ്ടത്തിന് കാരണമാകുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിൽ സ്പോർട്സ് മെഡിസിൻ വിഭാഗം ആരംഭിച്ച് അടിയന്തരമായി അലോപ്പതി ഡോക്ടർ, ഫിസിയോതെറാപ്പിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിനും കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. സ്കൂളിൽ നിലവിലുണ്ടായിരുന്ന പി.ടി.എ. അംഗങ്ങൾ സ്കൂൾ കാര്യങ്ങളിൽ അനാവശ്യമായി ഇടപെടുകയും തെറ്റായ പ്രചരണങ്ങൾ നടത്തുകയും ചെയ്തതിനാൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ഇടപെട്ട് പി.ടി.എ. പിരിച്ചുവിട്ടെന്നും നിലവിൽ പി.ടി.എ. യോഗം ചേരുന്നില്ലെന്നും സ്കൂൾ അധികൃതരിൽ നിന്നും സമിതിക്ക് ബോധ്യപ്പെട്ടു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുന്നതിനുവേണ്ടിയുള്ള ജനകീയ കൂട്ടായ്മയായ പി.ടി.എ. പരിച്ചുവിട്ട നടപടി ന്യായീകരിക്കാവുന്നതല്ലെന്നും ആയതിനാൽ അടിയന്തരമായി പി.ടി.എ. വിളിച്ചുചേർക്കാൻ നടപടി സ്വീകരിക്കണമെന്നും എല്ലാ വർഷവും രണ്ട് പ്രാവശ്യമെങ്കിലും പി.ടി.എ. ജനറൽ ബോഡി യോഗവും ഇടവിട്ടുള്ള സമയങ്ങളിൽ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗവും നിർബന്ധമായി ചേരാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

19. ശ്രീ.അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂൾ സ്ഥാപിതമായി 25 വർഷം പൂർത്തീകരിച്ചിട്ടും സ്കൂളിന് സ്വന്തമായി ഭൂമി കണ്ടെത്തുന്നതിനോ കാർഷിക കോളേജ് ക്യാമ്പസിനുള്ളിൽ കൂടുതൽ ഭൂമി ലഭ്യമാക്കി സ്കൂളിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനോ സാധിച്ചിട്ടില്ലെന്നും സ്പോർട്സ് സ്കൂൾ ആയതിനാൽ സ്ഥലപരിമിതിയാണ് സ്കൂളിന്റെ വികസനത്തിന് തടസ്സം നിൽക്കുന്ന പ്രധാന ഘടകമെന്നും സമിതി മനസ്സിലാക്കുന്നു. ഇത്രയും അടിസ്ഥാന സൗകര്യങ്ങളുള്ള സ്കൂളിന്റെ പ്രവർത്തനം കിഫ്ബി ഫണ്ട് ഉപയോഗിച്ച് തോന്നയ്ക്കലിൽ പണികഴിപ്പിച്ചിട്ടുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടത്തിലേക്ക് മാറ്റുകയോ പ്രസ്തുത സ്കൂൾ ഗ്രൗണ്ട് ഇവിടെയുള്ള കുട്ടികളുടെ കായിക പരിശീലനത്തിനായി വിട്ടുനൽകുകയോ ചെയ്യണമെന്ന ആവശ്യം പ്രാവർത്തികമല്ലെന്നും ഇവിടെയുള്ള കുട്ടികൾക്ക് കൂടുതൽ പരിശീലന

സൗകര്യങ്ങൾക്കായി സമീപപ്രദേശത്തുതന്നെ സ്ഥലം ലഭ്യമാക്കുന്നതായിരിക്കും ഉചിതമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് കാർഷിക സർവ്വകലാശാലയുടെ കുറച്ച് ഭൂമി കൂടി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. പ്രസ്തുത സ്ഥാപനത്തിൽ നിലവിലുള്ള ഉപദേശക സമിതി കൃത്യമായി യോഗം ചേരുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർസെക്കന്ററി സ്കൂൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്കായി പ്രവർത്തിക്കുന്ന ഏക സ്പോർട്സ് സ്കൂളായതിനാൽ പ്രസ്തുത സ്കൂളിന്റെ ഉപദേശക സമിതി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയെ അധ്യക്ഷനാക്കി പുന:സംഘടിപ്പിക്കണമെന്നും സ്കൂൾ ഉപദേശക സമിതി കൃത്യമായി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണമെന്നും പ്രസ്തുത സമിതിയിൽ ത്രിതല പഞ്ചായത്ത് പ്രതിനിധികളെ കൂടി ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

21. കുട്ടികളെ കായിക മത്സരങ്ങളിൽ പങ്കെടുക്കാൻ കൊണ്ടു പോകുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ ആശുപത്രിയിലെത്തിക്കുന്നതിനും സ്കൂളിന് സ്വന്തമായി വാഹനം അനുവദിക്കണമെന്ന് പലതവണ നിർദ്ദേശം നൽകിയിരുന്നെങ്കിലും വാടകയ്ക്ക് വാഹനം ലഭ്യമാക്കുന്ന നടപടി മാത്രമാണ് സ്വീകരിച്ചുവരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ആവശ്യം അടിയന്തര പ്രാധാന്യമുള്ളതാകയാൽ സ്കൂളിന് സ്വന്തമായി വാഹനം അനുവദിക്കാൻ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂളിൽ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം, സെക്ഷ്വൽ ഹരാസ്മെന്റ് എന്നീ വിഷയങ്ങളിൽ പട്ടികജാതി

വകുപ്പിൽ നിന്ന് നിയമിച്ച കൗൺസിലർമാർ കുട്ടികളുമായി സംസാരിച്ചും തുടർന്ന് അന്വേഷണം നടത്തിയും നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ നീതി വകുപ്പുമായും ചൈൽഡ് ലൈനുമായും സഹകരിച്ച് കുട്ടികളുടെ രക്ഷിതാക്കളിൽ നിന്നും വിവരം ശേഖരിച്ചിരുന്നതായി സമിതിക്ക് ബോധ്യപ്പെട്ടു. എന്നിരുന്നാലും, സ്കൂളിൽ അധ്യാപകരുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പരിപാടികൾ സംഘടിപ്പിച്ചും ലഹരി ഉപയോഗം ദോഷകരവും നിയമവിരുദ്ധവുമാകുന്നതിന്റെ കാരണങ്ങൾ സംബന്ധിച്ച് കുട്ടികളിൽ ബോധവൽക്കരണം നടത്തിയും ചോദ്യങ്ങൾ ചോദിക്കാനും അഭിപ്രായപ്രകടനത്തിനും അവസരം നൽകിയും കുട്ടികളുമായി നല്ല രീതിയിലുള്ള ബന്ധമുണ്ടാക്കിയെടുക്കേണ്ടത് അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

23. ദൈനംദിന ജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങളെ ആത്മവിശ്വാസത്തോടെയും ധൈര്യത്തോടെയും നേരിടാൻ കുട്ടികളെ പ്രാപ്തരാക്കുക, ജീവിതത്തോട് പോസിറ്റീവായ സമീപനം ഉണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്കൂൾ ജാഗ്രതാ സമിതി ഈ സ്ഥാപനത്തിലും രൂപീകരിക്കേണ്ടത് അത്യാവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. വിദ്യാർത്ഥികളിൽ വർദ്ധിച്ചു വരുന്ന ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം, അക്രമ വാസനകൾ എന്നിവ കണ്ടെത്തി അവരെ ബോധവൽക്കരിക്കുന്നതിനും അവയിൽ നിന്നും മുക്തരാക്കുന്നതിനും സ്കൂൾ ജാഗ്രതാ സമിതി വലിയ പങ്ക് വഹിക്കുന്നുണ്ട്. <u>ആയതിനാൽ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ, പൊതുപ്രവർത്തകർ, പോലീസ്-എക്സൈസ് ഉദ്യോഗസ്ഥർ തുടങ്ങിയവരെ ഉൾപ്പെടുത്തി ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂളിൽ ജാഗ്രതാ സമിതി, കുട്ടികളുടെ ലഹരി വിരുദ്ധ ക്ലബുകൾ എന്നിവ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

24. സ്കൂളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള ഹോസ്റ്റലുകളിൽ അഞ്ച് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികളെ ഒരു കെട്ടിടത്തിലാണ്

താമസിപ്പിക്കുന്നതെന്നും സ്കൂൾ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ക്വാർട്ടേഴ്സുകൾ താമസയോഗ്യമല്ലാത്തതിനാൽ കുട്ടികളുടെ മുറികൾ ഒഴിപ്പിച്ച് അവർക്ക് താമസ സൗകര്യം ഏർപ്പെടുത്തിയിരിക്കുകയാണെന്നും ഒരു ഹോസ്റ്റൽ മുറിയിൽ മൂന്നും നാലും കുട്ടികൾ താമസിക്കേണ്ടിവരുന്നത് കുട്ടികളുടെ പഠനത്തേയും വിശ്രമത്തേയും ബാധിക്കുന്നുണ്ടെന്നും കൂടാതെ ഈ രീതി കുട്ടികളിൽ ലഹരി ഉപയോഗത്തിനും ലൈംഗിക ഉപദ്രവങ്ങൾക്കും വഴി തെളിക്കുമെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ഹോസ്റ്റൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. പ്രസ്തുത സ്ഥാപനത്തിൽ സ്റ്റാഫ് ക്വാർട്ടേഴ്സുകളുടെ അവസ്ഥ വളരെ മോശമാണെന്നും കൃത്യമായ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ അവ താമസയോഗ്യമല്ലെന്നും സമിതി കണ്ടെത്തി. ക്ലാസ് സമയം കഴിഞ്ഞ് സ്ഥിരം അധ്യാപകർ ആരുംതന്നെ സ്കൂളിൽ താമസിക്കുന്നില്ലെന്ന് ബോധ്യപ്പെട്ട സമിതി ഒരു റസിഡൻഷ്യൽ സ്കൂളിന്റേതായ മാനദണ്ഡങ്ങളൊന്നും സ്കൂളിൽ പാലിക്കുന്നില്ലെന്നും കുട്ടികൾ മാത്രം റസിഡൻഷ്യൽ ആയതുകൊണ്ട് പ്രയോജനമില്ലെന്നും സ്പോർട്സിനോടൊപ്പം കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനും അധ്യാപകരുടെ ശ്രദ്ധയും കരുതലും വളരെ അത്യാവശ്യമാണെന്നും വിലയിരുത്തുന്നു. ആയതിനാൽ റസിഡൻഷ്യൽ സ്കൂളെന്ന നിലയിലുള്ള എല്ലാ സംവിധാനങ്ങളും പ്രസ്തുത സ്ഥാപനത്തിൽ നടപ്പാക്കണമെന്നും സ്റ്റാഫ് ക്വാർട്ടേഴ്സുകൾ താമസയോഗ്യമാക്കാനും സ്കൂൾ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. മുതിർന്ന കുട്ടികളോടൊപ്പം അഞ്ച് മുതൽ ഏഴ് വരെ ക്ലാസുകളിലെ ചെറിയ കുട്ടികളെ പാർപ്പിക്കുന്നത് ചെറിയ കുട്ടികൾക്ക് ശാരീരികവും മാനസികവുമായി ഉപദ്രവം ഏൽക്കുന്നതിന് കാരണമാകുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 5, 6, 7 എന്നീ ക്ലാസുകളിലെ കുട്ടികൾക്ക്

പ്രത്യേക ഹോസ്റ്റൽ സംവിധാനമുണ്ടാക്കുകയും അവർക്ക് മാത്രമായി ആയമാരെ നിയമിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. പ്രസ്തുത സ്ഥാപനത്തിൽ പട്ടികജാതി വികസന വകുപ്പ് ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചതും റസിഡൻഷ്യലായി ജോലി ചെയ്യുന്നതുമായ അധ്യാപകരോട് ബി.ആർ.സി. മുഖേന ലഭ്യമാക്കുന്ന മൊഡ്യൂളുകൾ ഉപയോഗിച്ച് കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തണമെന്നും കുട്ടികളോട് സ്നേഹത്തോടെ പെരുമാറണമെന്നും സമിതി നിർദ്ദേശിക്കുന്നു.

28. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാലയങ്ങളിലെ കുട്ടികൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും അയ്യങ്കാളി മോഡൽ റസിഡൻഷ്യൽ സ്കൂളിലെ കുട്ടികൾക്കും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. കുട്ടികളുടെ ആരോഗ്യസ്ഥിതി സംബന്ധിച്ച് പീരിയോഡിക്കൽ പരിശോധന നടത്തണമെന്നും ഹെൽത്ത് കാർഡുകൾ അവർക്ക് അടിയന്തരമായി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

30. കുട്ടികൾക്ക് കായിക പരിശീലനം നൽകുന്ന ഗ്രൗണ്ട് ആധുനിക സൗകര്യത്തോടുകൂടിയുള്ളതല്ല എന്ന് സമിതിക്ക് ബോധ്യപ്പെട്ടു. അതിനാൽ, പ്രസ്തുത സ്കൂളിലെ കുട്ടികൾക്ക് ജി.വി.രാജ സ്പോർട്സ് സ്കൂൾ പോലുള്ള സ്കൂളുകളിൽ കായിക പരിശീലനം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. സ്കൂളിൽ എസ്.പി.സി. യൂണിറ്റ് അനുവദിച്ച് പത്ത് വർഷംപൂർത്തിയായിട്ടും അവരുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഒരു മുറി ലഭ്യമായിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ, എസ്.പി.സി. യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

32. സ്കൂളിലെ മലിനജലം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി ഒരു മലിനജല സംസ്കരണ പ്ലാന്റ് നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം
..06...10. 2025.

**ശാന്തകുമാരി കെ.,**
അദ്ധ്യക്ഷ
പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
സംബന്ധിച്ച സമിതി